# പതിനാലാം കേരള നിയമസഭ
## 9-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : T 2497** **5.02.2018 -ൽ മറുപടിയ്ക്ക്**

## മീൻവല്ലം ഇക്കോ ടൂറിസം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.വിജയദാസ് : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതിയതായി ഇക്കോ ടൂറിസം പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ; | (എ) | ഉണ്ട്.<br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.<br>• ആങ്ങമൂഴി ഗവി ജംഗിൾ സഫാരി ബസ് സർവ്വീസ്<br>• അഡീഷണൽ അട്രാക്ഷൻ ഓഫ് ന്യൂ പ്രൊഡക്റ്റ്സ് ആന്റ് ഡെസ്റ്റിനേഷൻ ഇമ്പ്രൂവ്മെന്റ്സ് - തെന്മല<br>• ഡെവലപ്പിങ്ങ് സൗണ്ട് & ലൈറ്റ് ഷോ - തെന്മല<br>• മൂന്നാറിൽ നീലക്കുറിഞ്ഞി പൂക്കുന്ന കാലത്തെ തയ്യാറെടുപ്പ്<br>• പ്രൊമോഷണൽ ടൂൾസ് ഫോർ ഇക്കോ അഡ്വഞ്ചർ ടൂറിസം<br>• മൂന്നാറിലെ റോഡോവാലി, മീശപ്പുലിമല, സൈലന്റ് വാലി എന്നിവിടങ്ങളിലെ ഇക്കോ ടൂറിസം വിപുലീകരണം. |
| (ബി) | മീൻവല്ലം ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ബി) | മീൻവല്ലം ടൂറിസം പദ്ധതിക്ക് വനംവകുപ്പിന്റെ അനുമതിക്ക് വിധേയമായി 2013-ൽ 2.32 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നുവെങ്കിലും വനം വകുപ്പിൽ നിന്നും ഈ പദ്ധതി നടത്തിപ്പിനാവശ്യമായ ഘടകങ്ങൾ ഉൾപ്പെടുത്തിയ പുതിയ പദ്ധതി രൂപരേഖ ലഭ്യമാക്കാത്തതിനാൽ പദ്ധതി നടപ്പാക്കാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ